**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 74** **09-10-2024 - ൽ മറുപടിയ്ക്ക്**

**സുസ്ഥിര മത്സ്യലഭ്യത ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനതീരത്ത് മത്സ്യലഭ്യത സുസ്ഥിരമായി നിലനിർത്തുന്നതിന് ശാസ്ത്രീയ മത്സ്യബന്ധന രീതികൾ അവലംബിക്കേണ്ട സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാന തീരത്ത് മത്സ്യലഭ്യത സുസ്ഥിരമായി നിലനിർത്തുന്നതിന് ശാസ്ത്രീയ മത്സ്യബന്ധന രീതികൾ അവലംബിക്കേണ്ട സാഹചര്യം പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള മറൈൻ മത്സ്യബന്ധന നിയന്ത്രണ നിയമം (KMFRA) കാലോചിതമായി പരിഷ്കരിക്കുകയും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി പ്രധാനപ്പെട്ട  എല്ലാ മത്സ്യബന്ധന വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും, കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും, ട്രോൾനെറ്റുകളുടെ കോഡ് എൻഡിൽ സ്ക്വയർമെഷ് നിർബ്ബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും, 250 HP വരെ എൻജിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്കു മാത്രമായി തീരക്കടലിൽ (കരയിൽ നിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. പേഴ്സ് സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നീ നശീകരണ മൽസ്യബന്ധന രീതികൾ കെ.എം.എഫ്.ആർ ആക്റ്റ്, കെ.എം.എഫ്.ആർ റൂൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിരോധിച്ചു. നിയമ ലംഘനങ്ങൾക്കു വർദ്ധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്തു പ്രവർത്തിക്കുന്ന ബോട്ട് ബിൽഡിംഗ് യാർഡുകൾക്കും, മൽസ്യബന്ധന വല നിർമാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ച് കാലാകാലങ്ങളിൽ നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യലഭ്യതയും |

വരുമാന വർദ്ധനവും ലക്ഷ്യമിട്ട് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി 2011-12 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. 2011-12 സാമ്പത്തിക വർഷം മുതൽ 2021-22 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിലായി 4190 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചു കഴിഞ്ഞു. “കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസനവും ഉപജീവന മാർഗ്ഗം പ്രോത്സാഹിപ്പിക്കലും” എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) 2022-23 പദ്ധതിയിൽ ഉൾപ്പെടുത്തി 13.02 കോടി രൂപയുടെ അംഗീകാരം ലഭ്യമായിരുന്നു.  തിരുവനന്തപുരം ജില്ലയിലെ മത്സ്യഗ്രാമങ്ങളുടെ  തീരക്കടലിൽ ആകെ 6300 കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.  ഇതിനോടകം 6300 കൃത്രിമപ്പാരുകളുടെയും നിർമ്മാണം പൂർത്തീകരിക്കുകയും തെരഞ്ഞെടുത്ത 33 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 42 ലോക്കേഷനുകളിലായി കൃത്രിമപ്പാരുകൾ നിക്ഷേപിച്ച് പദ്ധതി നടപ്പാക്കുകയും ചെയ്തു.  പദ്ധതിയുടെ ഭാഗമായുള്ള underwater study നടപ്പാക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) മുഖാന്തരം നടപടികൾ സ്വീകരിച്ചു.

പ്രസ്തുത പദ്ധതിയോടനുബന്ധിച്ച്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB) മുഖാന്തരം നടപ്പാക്കുന്ന "സീ  റാഞ്ചിംഗ്" പദ്ധതി പ്രകാരം  3 കോടി രൂപയുടെ  (100% കേന്ദ്ര വിഹിതം) പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കൃത്രിമപ്പാരുകൾ നിക്ഷേപിച്ചിട്ടുള്ള തിരഞ്ഞെടുക്കപ്പെട്ട 10 ലോക്കേഷനുകളിലായി 10 ലക്ഷം പോമ്പാനോ/ കോബിയ എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിലൂടെ സൃഷ്ടിക്കപ്പെടുന്ന കൃത്രിമമായ ആവാസ വ്യവസ്ഥ വഴി ലഭിക്കുന്ന മത്സ്യങ്ങളെ കൂടാതെ  പ്രസ്തുത പദ്ധതി പ്രകാരം നിക്ഷേപിക്കപ്പെടുന്ന വാണിജ്യ പ്രാധാന്യമേറിയ മത്സ്യകുഞ്ഞുങ്ങൾകൂടി ആകുമ്പോൾ മേൽ പ്രദേശങ്ങളിൽ നിന്നും ജില്ലയിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അധികമായി മത്സ്യങ്ങൾ ലഭിക്കുകയും അതിലൂടെ അവർക്ക് കൂടുതൽ മെച്ചപ്പെട്ട

| | | | |
|---|---|---|---|
| | | | രീതിയിലുള്ള വരുമാന വർദ്ധനവും സാധ്യമാകുന്നതാണ്.<br><br>കൂടാതെ കടലിന്റെ അടിത്തട്ടിൽ ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതു മത്സ്യമേഖലയ്ക്ക് ഭീഷണിയാകുമെന്നു മനസ്സിലാക്കി ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളുടെ നേതൃത്വത്തിൽ ബോട്ടുടമകൾ, മത്സ്യത്തൊഴിലാളികൾ, സാഫ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ക്ലീൻ കേരള മിഷൻ എന്നിവരുടെ സഹകരണത്തോടെ 'ശുചിത്വ സാഗരം' പദ്ധതി ആവിഷ്കരിച്ച ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം നടപ്പാക്കി വരുന്നുണ്ട്. വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു കണ്ടൽക്കാടുകൾ വച്ച് പിടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സമുദ്ര മത്സ്യബന്ധന മേഖലയിൽ വിഭവ പരിപാലനവും നിരീക്ഷണവും സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ത്രിതല മാനേജ്മന്റ് സംവിധാനമായ സംസ്ഥാന, ജില്ലാ, വില്ലേജ് ഫിഷറീസ് മാനേജ്മന്റ് കൗൺസിലുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ മത്സ്യബന്ധന മേഖലയിൽ മത്സ്യത്തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പങ്കാളിത്ത മാനേജ്മെന്റ് സിസ്റ്റം (Participatory Management System) നിലവിൽ വന്നിട്ടുള്ള ആദ്യ സംസ്ഥാനമാണ് കേരളം. ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കും തീരദേശവാസികൾക്കും ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിന് ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ പ്രധാന പങ്ക് വഹിക്കുന്നു. |
| (ബി) | വിവിധ ഇനങ്ങളിൽപ്പെട്ട മത്സ്യത്തിന്റെ അളവ്, പ്രത്യുല്പാദന നിരക്ക്, മരണനിരക്ക് എന്നിവയെ അടിസ്ഥാനപ്പെടുത്തി പിടിച്ചെടുക്കാവുന്ന മത്സ്യത്തിന്റെ അളവും മത്സ്യബന്ധന രീതികളും നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 2017-ൽ Department of Animal Husbandry, Dairying and Fisheries (DADF) Government of India, രൂപീകരിച്ച കമ്മിറ്റി, പിടിച്ചെടുക്കപ്പെടുന്ന മത്സ്യം, ഫിഷിംഗ് എഫർട്ട്, മറ്റ് മാനദണ്ഡങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ഓരോ തീരദേശ സംസ്ഥാനത്തു നിന്നും വിളവെടുക്കാവുന്ന മത്സ്യത്തിന്റെ അളവ് (harvestable potential) കണക്കാക്കുകയും ഇതിനെ തുടർന്ന് പ്രസ്തുത കമ്മിറ്റിയോട്, അധിക സമുദ്ര മത്സ്യബന്ധന പോട്ടൻഷ്യലും (additional marine fisheries potential) ഉൾപ്പെടുത്തി Potential Yield പുനർമൂല്യനിർണയം നടത്താനും, ഇന്ത്യൻ എക്സ്ക്ലൂസീവ് എക്കണോമിക് സോൺ സമ്പത്തിന്റെ |

| | | | |
|---|---|---|---|
| | | | സംരക്ഷണവും പരിപാലനവും നിർദ്ദേശിക്കാനും കമ്മിറ്റിയെ കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തി. അതിന്റെ അടിസ്ഥാനത്തിൽ, 1997-2016 കാലഘട്ടത്തിലെ വാണിജ്യ മത്സ്യലഭ്യതയെ അടിസ്ഥാനമാക്കി, 2018-ൽ കേരളത്തിന് 200 മീറ്റർ വരെ ആഴത്തിൽ 9,40,282 ടൺ മത്സ്യ വിഭവസാധ്യത (resource potential) കണക്കാക്കിയിട്ടുണ്ട് (Report of the Expert Committee for Revalidation of the Potential Yield of Fishery Resources in the Indian EEZ, 2018. Department of Animal Husbandry, Dairying and Fisheries Ministry of Agriculture, and Farmers Welfare Govt. of India) എന്ന് സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | വലിയൊരു വിഭാഗം മത്സ്യ ഇനങ്ങളുടെയും പ്രജനനകാലമായ മൺസൂൺ കാലത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയതുകൊണ്ട് മത്സ്യസമ്പത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കേരള തീരത്ത് മത്സ്യ സമ്പത്തിൻമേലുള്ള ആഘാതം/ ട്രോളിംഗ് നിരോധനം നടപ്പിലാക്കൽ എന്നിവ വിലയിരുത്തുന്നതിന് 2012 ൽ, 27/10/2012 ലെ സ.ഉ (സാധാ) നം. 906/2012/മതുവ പ്രകാരം സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI), സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) എന്നീ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞൻമാർ ഫിഷറീസ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതിയെ സർക്കാർ രൂപീകരിച്ചിരുന്നു. 'കഴിഞ്ഞ 25 വർഷമായി, കേരള തീരത്ത് ഏർപ്പെടുത്തിയ മൺസൂൺ ട്രോളിംഗ് നിരോധനം സംസ്ഥാനത്തിന്റെ മത്സ്യസമ്പത്ത് നിലനിർത്തുന്നതിൽ എത്രമാത്രം ഗുണകരമായിരുന്നു' എന്നതായിരുന്നു ആയതിലെ ഒരു ഘടകം. മേൽപ്പറഞ്ഞ ലക്ഷ്യത്തെ വിശദമായി ശാസ്ത്രീയമായി വിലയിരുത്തിയ ശേഷം സമിതി അന്തിമ റിപ്പോർട്ട് 2014 ജനുവരിയിൽ സർക്കാരിന് സമർപ്പിച്ചു.<br><br>പ്രസ്തുത  സമിതിയുടെ സാമ്പത്തിക വിശകലനം പ്രകാരം, മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ട്രോളിംഗ് നിരോധനത്തിന്റെ പ്രയോജനം 2000 വരെ മാത്രം നിലവിലുണ്ടായിരുന്നു എന്ന് സൂചിപ്പിക്കുന്നുവെന്നും, അതിനുശേഷം നാമമാത്രമായ മൂല്യവർദ്ധന ഉണ്ടായിട്ടും മത്സ്യസമ്പത്തിന്റെ യഥാർത്ഥ മൂല്യത്തിലും ആത്യന്തികമായി മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിലും ഇടിവുണ്ടായിയെന്നും റിപ്പോർട്ട് ചെയ്തിരുന്നു. 2000-ന് ശേഷം യന്ത്രവൽകൃത മേഖലയിലെ വളർച്ചാ നിരക്ക് നെഗറ്റീവായിരുന്നു എന്ന് വളർച്ചാനിരക്ക് വിശകലനം വ്യക്തമായി സൂചിപ്പിക്കുന്നു എന്നും, 2000-ന് ശേഷം ട്രോളിംഗ് നിരോധനത്തിന്റെ പ്രയോജനം നിലനിന്നില്ലയെന്നും, |

| | | | |
|---|---|---|---|
| | | | അതിനാൽ, മത്സ്യ ലഭ്യതയും മൂല്യവും കണക്കിലെടുത്ത് ട്രോളിംഗ് നിരോധനത്തിന്റെ പ്രയോജനം നിലനിൽക്കുന്നതിന് ട്രോളിംഗ് നിരോധനത്തിന്റെ ദൈർഘ്യം വർദ്ധിപ്പിക്കുക എന്നതാണ് കഠിനവും എന്നാൽ ആവശ്യമുള്ളതുമായ ഓപ്ഷൻ എന്നും സമിതി റിപ്പോർട്ട് ചെയ്തിരുന്നു.<br><br>കേന്ദ്ര സർക്കാർ സ്ഥാപനമായ ഐ.സി.എ.ആർ-സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ICAR-CMFRI) കടൽ മത്സ്യബന്ധനത്തെ പതിവായി നിരീക്ഷിക്കുകയും സ്റ്റോക്ക് സ്റ്റാറ്റസിനായി ഡാറ്റ വിശകലനം ചെയ്യുകയും ചെയ്തുവരുന്നുണ്ട്. ലാൻഡിംഗ് വർദ്ധിക്കുന്നില്ലെങ്കിലും, കനത്ത മത്സ്യബന്ധന സമ്മർദ്ദങ്ങൾക്കിടയിലും നമ്മുടെ മത്സ്യവിഭവശേഷി സമൃദ്ധവും സുസ്ഥിരവുമാണ് എന്ന് ഫലങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഇത് പ്രധാനമായും മത്സ്യബന്ധന നിയമങ്ങളും, ചട്ടങ്ങളും, പ്രത്യേകിച്ച് തീരപ്രദേശത്ത് നടപ്പിലാക്കുന്ന സീസണൽ മത്സ്യബന്ധന നിരോധനവും (Trawl Ban) മൂലമാണ് എന്ന് CMFRI റിപ്പോർട്ടുകളിലൂടെ വ്യക്തമാക്കിയിട്ടുമുണ്ട്. |
| (ഡി) | സമുദ്രത്തിന്റെ അടിത്തട്ടിലെ മത്സ്യ പ്രജനനകേന്ദ്രങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥ നിലനിർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | സമുദ്രത്തിന്റെ അടിത്തട്ടിലെ മത്സ്യ പ്രജനനകേന്ദ്രങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥ നിലനിർത്തുന്നതിന് ക്രിത്രിമ പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേനയാണ് പ്രധാനമായും ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. 2011-12 സാമ്പത്തിക വർഷം മുതൽ 2021-22 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിൽ 4190 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചുകഴിഞ്ഞു. കൂടാതെ 2023-24 സാമ്പത്തിക വർഷം “കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസനവും ഉപജീവനമാർഗ്ഗം പ്രോത്സാഹിപ്പിക്കൽ” എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി 13.02 കോടി രൂപയുടെ അംഗീകാരം ലഭ്യമായിരുന്നു. തിരുവനന്തപുരം ജില്ലയിലെ 42 മത്സ്യഗ്രാമങ്ങളിൽ ആകെ 6300 കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനോടകം 6300 കൃത്രിമപ്പാരുകളുടെയും നിർമ്മാണം പൂർത്തീകരിക്കുകയും 38 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 42 സൈറ്റുകളിലായി നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത പദ്ധതിയോടനുബന്ധിച്ച, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB) മുഖാന്തിരം നടപ്പാക്കുന്ന "സീ റാഞ്ചിംഗ്" പദ്ധതി പ്രകാരം 3 കോടി രൂപയുടെ (100% കേന്ദ്ര വിഹിതം) പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കൃത്രിമപ്പാരുകൾ നിക്ഷേപിച്ചിട്ടുള്ള തിരഞ്ഞെടുക്കപ്പെട്ട 10 ലോക്കേഷനുകളിലായി 10 ലക്ഷം പോമ്പാനോ/ കോബിയ എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനു ഫിഷറീസ് വകുപ്പ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിലൂടെ സൃഷ്ടിക്കപ്പെടുന്ന കൃത്രിമമായ ആവാസ വ്യവസ്ഥ വഴി ലഭിക്കുന്ന മത്സ്യങ്ങളെ കൂടാതെ പ്രസ്തുത പദ്ധതി പ്രകാരം നിക്ഷേപ്പിക്കപ്പെടുന്ന വാണിജ്യ പ്രാധാന്യമേറിയ മത്സ്യകുഞ്ഞുങ്ങൾ കൂടി ആകുമ്പോൾ മേൽ പ്രദേശങ്ങളിൽ നിന്നും ജില്ലയിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അധികമായി മത്സ്യങ്ങൾ ലഭിക്കുകയും അതിലൂടെ അവർക്ക് കൂടുതൽ മെച്ചപ്പെട്ട രീതിയിലുള്ള വരുമാന വർദ്ധനവും സാധ്യമാക്കുന്നതാണ്.<br><br>“കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള തീരത്ത് സുസ്ഥിര മത്സ്യബന്ധനവും ഉപജീവന മാർഗ്ഗങ്ങളുടെയും വർദ്ധിപ്പിക്കൽ" എന്ന പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയുടെ രണ്ടാം ഘട്ടം കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 96 മത്സ്യഗ്രമാങ്ങളിലായി നടപ്പാക്കുന്നതിന് 29.76 കോടി രൂപയുടെ പ്രൊപോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയുടെ മൂന്നാം ഘട്ടം മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 96 മത്സ്യഗ്രാമങ്ങളിലായി നടപ്പാക്കുന്നതിന് 25.8285 കോടി രൂപയുടെ പ്രൊപോസലും അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ